**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **04-10-2021 - ൽ മറുപടിയ്ക്ക്**

**തുറവൂർ താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്ക് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ല എന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആർദ്രം മാനദണ്ഡപ്രകാരം ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുന്നതിലുപരി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് ആരോഗ്യ വകുപ്പ് പ്രാമുഖ്യം നൽകുന്നത്. ഇതുപ്രകാരം ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്ക് തല ആശുപത്രിയായും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. തുറവൂർ താലൂക്കാശുപത്രി ചേർത്തല താലൂക്കിലാണ് ഉൾപ്പെടുന്നത്. ചേർത്തല താലൂക്കാശുപത്രിയാണ് താലൂക്ക് തല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത്. തുറവൂർ താലൂക്കാശുപത്രിയാക്കി ഉയർത്തിയതിനു ശേഷം ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 1 Consultant 1 GO (MS) No.655/2010/H&FWD dated 30.10.2010 2 Junior Consultant 2 3 Head Nurse 1 4 Staff Nurse 4 5 Nursing Assistant 1 6 Hospital Attendant Gr.II 1 7 Dental Asst. Surgeon 1 GO(MS) No.06/2016/H&FWD dated 07.01.2016 8 Dental Hygienist 1 9 Casuality Medical Officer 4 GO(MS) No. 170/2016/H&FWD dated 17.08.2016 10 Lab Technician 1 GO(MS) No. 192/2016/H&FWD dated 07.10.2016 11 LD Clerk 1 GO(MS) No. 168/2021/H&FWD dated 22.09.2021 12 Staff Nurse 2 |
| (ബി) | ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി താല്ക്കാലികമായി എൻ.ആർ.എച്ച്.എം. വഴി ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി എൻ.എച്ച്.എം വഴി 1 പി.ആർ.ഒ, 1 ഫാർമസിസ്റ്റ്, 2 സ്റ്റാഫ് നേഴ്സ്, (പാലിയേറ്റിവ് കെയർ),1 ഫിസിയോ തെറാപ്പിസ്റ്റ് (പാലിയേറ്റീവ് കെയർ), 2 ആർ.ബി.എസ്.കെ നേഴ്സ്, 1 ലാബ് ടെക്നീഷ്യൻ, 1 സ്റ്റാഫ് നേഴ്സ് ബോണ്ടഡ് എന്നിവരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ എത്ര എൻ.ആർ.എച്ച്.എം. ജീവനക്കാരെയാണ് അരൂർ മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | എൻ.എച്ച്.എം വഴി താഴെപ്പറയുന്ന ജീവനക്കാരെ അരൂർ മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്. ക്രമ നം തസ്തിക എണ്ണം 1 മെഡിക്കൽ ഒാഫീസർ 5 2 ഡെന്റൽ സർജൻ 1 3 പി.ആർ.ഒ 1 4 സ്റ്റാഫ് നഴ്സ് 27 5 ആർ.ബി.എസ്.കെ നഴ്സ് /ജെ.പി.എച്ച്.എൻ 8 6 ഫാർമസിസ്റ്റ് 1 7 ലാബ് ടെക്നീഷ്യൻ 2 8 ഫിസിയോതെറാപ്പിസ്റ്റ് 2 9 ഡാറ്റാ എൻട്രി ഒാപ്പറേറ്റർ 1 ആകെ 48 |

സെക്ഷൻ ഓഫീസർ